# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

**ജയലളിതയുടെ നിര്യാണത്തിൽ**
**ദേവസ്വം ബോർഡ് പ്രസിഡന്റ് അനുശോചിച്ചു**

ശബരിമല: തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ നിര്യാണത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണനും ബോർഡംഗങ്ങളും അഗാധമായ ദുഖം രേഖപ്പെടുത്തി.

ജയലളിതയുടെ വേർപാട് കനത്ത നഷ്ടമാണ്. തമിഴ് ജനതയുടെ ദുഖത്തിൽ തങ്ങളും പങ്കുചേരുന്നു.

അന്തരിച്ച തമിഴ്നാട് മുഖ്യമന്ത്രിയോടുള്ള ആദരസൂചകമായി ദേവസ്വം ബോർഡിന്റെ എല്ലാ ഓഫീസുകൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചതായും പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ അറിയിച്ചു.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 06 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### ജയലളിതയുടെ നിര്യാണത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് അനുശോചിച്ചു

തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ നിര്യാണത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണനും ബോർഡംഗങ്ങളും അഗാധമായ ദുഖം രേഖപ്പെടുത്തി.

ജയലളിതയുടെ വേർപാട് കനത്ത നഷ്ടമാണ്. തമിഴ് ജനതയുടെ ദുഖത്തിൽ തങ്ങളും പങ്കുചേരുന്നുവെന്നും പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു.

അന്തരിച്ച തമിഴ്നാട് മുഖ്യമന്ത്രിയോടുള്ള ആദരസൂചകമായി ദേവസ്വം ബോർഡിന്റെ എല്ലാ ഓഫീസുകൾക്കും ഇന്നലെ അവധി പ്രഖ്യാപിച്ചിരുന്നു.

### ഹൃദയാഘാതം: രണ്ട് തീർഥാടകർ മരിച്ചു

അയ്യപ്പദർശനം പൂർത്തിയാക്കി മടങ്ങവേ രണ്ട് തീർഥാടകർ ഹൃദയാഘാതം മൂലം മരണപ്പെട്ടു. ചെന്നൈ ആവടി സ്വദേശി സി വി മനോജ് (57), ചെന്നൈ അലമാടി സ്വദേശി തങ്കപാണ്ഡ്യൻ (68) എന്നിവരാണ് മരിച്ചത്.

മലയിറങ്ങി വരവെ പുലർച്ചെ 5.50ന് പമ്പക്ക് സമീപം കുഴഞ്ഞുവീണ് മനോജിനെ പമ്പ ഗവ.ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെട്ടു. അപ്പാച്ചിമേടിന് സമീപം കുഴഞ്ഞുവീണ തങ്കസ്വാമിയെ സമീപത്തെ കാർഡിയോളജി സെന്ററിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

## സന്നിധാനത്ത് പുതിയ ഡ്യൂട്ടി മജിസ്ട്രേറ്റ്

സന്നിധാനത്ത് ഡ്യൂട്ടി മജ്സ്ട്രേറ്റ് ആയി മലപ്പുറം ലാന്റ് അക്വിസിഷൻ ഡപ്യൂട്ടി കളക്ടർ കെ.സി.മോഹനൻ ചുമതലയേറ്റു.ഓഫീസ് ഫോൺ നമ്പർ 04735 202013.

ഭക്തർക്ക് കച്ചവട സ്ഥാപനങ്ങളിലെ അമിത വില, പരിസര മലിനീകരണം ഉൾപ്പെടെയുള്ള ഏതു പ്രശ്നങ്ങളും ടോൾ ഫ്രീ നമ്പരായ 18004251606-ലേക്ക് വിളിച്ചു പറയാമെന്ന് ഡ്യൂട്ടി മജ്സ്ട്രേറ്റ് അറിയിച്ചു.

## ശബരീശ സന്നിധിയിൽ നാദവിസ്മയം തീർത്ത് കുഞ്ഞുമാളികപ്പുറങ്ങൾ

സ്വരരാഗങ്ങളുടെ നാദവിസ്മയം തീർത്ത കുഞ്ഞുമാളികപ്പുറങ്ങൾ ശബരീശ സന്നിധിയെ ഭക്തിനിർഭരമാക്കി. കൊല്ലം ജില്ലയിലെ ഭരണിക്കാവ് സ്വദേശിനികളായ അഖിലയും അദ്വൈതയുമാണ് സംഗീതാർച്ചനയിൽ അയ്യപ്പൻമാരുടെ മനംകവർന്നത്. ഒൻപത് വയസുകാരികളായ ഇവർ പാലക്കുളങ്ങര സഹോദരിമാർ എന്ന് ഇതിനോടകം പേരുകേട്ട ഇരട്ടകളാണ.

ഇരുവരും 50 ൽപ്പരം സ്റ്റേജുകളിൽ കച്ചേരി അവതരിപ്പിച്ചിട്ടുണ്ട്. ആനയടി അനിൽകുമാറിന്റെ ശിഷ്യത്വത്തിലാണ് ഇവർ സംഗീതം പഠിക്കുന്നത്. വ്രതശുദ്ധിയോടെ മാലയിട്ട് അയ്യപ്പദർശനം നടത്തിയശേഷമാണ് ഇവർ സംഗീതം അവതരിപ്പിച്ചത്.

അടൂർ ബാലൻ വയലിൻ വായിച്ചു. മൃദംഗം ശ്രീരംഗം കൃഷ്ണകുമാർ, ഘടം വേലായുധ കൈമൾ, ഗഞ്ചിറ അടൂർ സതീശ്, മുഖർശംഖ് തുവയൂർ വിജയൻ. നവരാഗം വർണവും കീർത്തനാലാപനവും ഉൾപ്പെടെ രണ്ട് മണിക്കൂറോളം സംഗീതാർച്ചന നടത്തിയ ഇവർ തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യമായാണ് സന്നിധാനത്ത് പരിപാടി നടത്താൻ ലഭിച്ച അവസരത്തെ കാണുന്നത്.

## ആഴിയിലേക്ക് നെയ്ത്തേങ്ങ നിക്ഷേപിക്കാൻ പലവകക്കാർക്ക് നിർദേശം

ആഴിയിലേക്ക് നെയ്ത്തേങ്ങ നിക്ഷേപിക്കാൻ പലവകക്കാരെ അടിയന്തരമായി നിയോഗിക്കണമെന്ന് ദേവസ്വം അഡ്മിനിസ്ടേറ്റീവ് ഓഫീസർക്ക് ഡ്യൂട്ടി മജിസ്ട്രേറ്റ് നിർദേശം നൽകി.ഭക്തർ എറിഞ്ഞുടയ്ക്കുന്ന നാളീകേരങ്ങൾ പലയിടങ്ങളിലായി ചിതറിത്തെറിക്കുന്ന സാഹചര്യത്തിലാണ് ഡ്യൂട്ടി മജിസ്ട്രേറ്റ് നേരിട്ടെത്തി പരിശോധിച്ച് നിർദേശം നൽകിയത്.

പലവകക്കാരെ 24 മണിക്കൂർ ജോലിക്കായി അടിയന്തരമായി നിയോഗിക്കണം. ഇവരുടെ ഫോൺ നമ്പരുകളും പേരും അടങ്ങിയ ലിസ്റ്റ് പോലീസ് കണ്ട്രോളർക്കും ഡ്യൂട്ടി മജിസ്ട്രേറ്റിനും കൈമാറുന്നതിനും അഡ്മിനിസ്ടേറ്റീവ് ഓഫീസർ നടപടി സ്വീകരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

തീ പടർന്നു പിടിക്കാനുള്ള സാഹചര്യമുള്ളതിനാൽ സുരക്ഷയും മുൻകരുതലും സ്വീകരിക്കാൻ അധികൃതർക്ക് നിർദേശം നൽകിയ ഡ്യൂട്ടി മജിസ്ട്രേറ്റ് വിഷയം ജില്ലാ കളക്ടറുടെയും എസ്.പിയുടെയും ശ്രദ്ധയിൽ പെടുത്തിയതായും അറിയിച്ചു.

## സന്നിധാനത്ത് അഭൂതപൂർവമായ തിരക്ക്

തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ നിര്യാണവും ഡിസംബർ ആറിന്റെ ജാഗ്രതാ നിർദേശങ്ങളും ആശങ്കയുയർത്തിയിട്ടും ഇന്നലെ (ഡിസംബർ 6) സന്നിധാനത്ത് അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്. തിരക്ക് അധികരിച്ചതിനാൽ പലപ്പോഴും പൊലീസിന് ഭക്തരെ പമ്പയിൽ വച്ചുതന്നെ നിയന്ത്രിക്കേണ്ടതായി വന്നു. പുലർച്ചെ നട തുറന്നുത് മുതൽ അയ്യപ്പൻമാരുടെ അണമുറിയാത്ത ഒഴുക്ക് കാണാനായി.

മരക്കൂട്ടം, നടപ്പന്തൽ എന്നിവിടങ്ങളിൽ പലപ്പോഴും പൊലീസുകാർക്ക് ഭക്തരെ വടം ഉപയോഗിച്ച് നിയന്ത്രിക്കേണ്ടതായി വന്നു. ദേവസ്വം ബോർഡിന്റെ ചുക്കുകാപ്പി വിതണവും ബിസ്ക്കറ്റ് വിതരണവും ഭക്തർക്ക് തിരക്കിനിടയിലും ആശ്വാസം പകർന്നു.

ഡിസംബർ ആറിന്റെ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി കർശന പരിശോധനകൾക്ക് ശേഷമാണ് അയ്യപ്പൻമാരെ പതിനെട്ടാംപടി ചവിട്ടാൻ പൊലീസ് അനുവദിച്ചത്. കൂടാതെ കേന്ദ്രസേനയുടെ പ്രത്യേക ബറ്റാലിയനും സന്നിധാനത്ത് നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു. ബോംബ് സ്ക്വാഡ് സന്നിധാനത്തും പരിസര പ്രദേശങ്ങളിലുമായി പരശോധന നടത്തിയിരുന്നു.

സുരക്ഷാ ഉദ്യോഗസ്ഥർ ഹെലിക്കോപ്റ്ററിലും ശബരിമലയുടെ പരിസര പ്രദേശങ്ങളിൽ നിരീക്ഷണം നടത്തി. ജയലളിതയുടെ നിര്യാണത്തെ തുടർന്ന് ആഴിക്ക് ചുറ്റും വടംകെട്ടിയ ശേഷം ഭക്തരെ നേരിട്ട് ആഴിയിലേക്ക് തേങ്ങയെറിയുന്നതിൽ നിന്നും സുരക്ഷാ ഉദ്യോഗസ്ഥർ വിലക്കി. ഭക്തർക്ക് അർപ്പിക്കേണ്ട തേങ്ങ ദേവസ്വം ജീവനക്കാർ നേരിട്ട് ശേഖരിച്ച് ആഴിയിൽ സമർപ്പിക്കുകയായിരുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.